"ഭരണഭാഷ-മാതൃഭാഷ"

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം**
**നഗരാസൂത്രകന്റെ നടപടിക്രമം**

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - വൈക്കം നഗരസഭ -റസിഡൻഷ്യൽ കം കൊമേഴ്സ്യൽ കെട്ടിടനിർമ്മാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. നഗരസഭാ സെക്രട്ടറിയുടെ 23.11.2021 ലെ ഇ 1-7677/2021-ബി.എ നമ്പർ 133/21-22 നമ്പർ കത്ത്

2. ഈ കാര്യാലയത്തിൽ നിന്ന് നഗരസഭാ സെക്രട്ടറിയ്ക്കയച്ച 21.12.2021 ലെ TCPKTM/615/2021-C നമ്പർ കത്ത്.

3. ശ്രീമതി. ആർ. ലക്ഷ്മി , ആലവേലിൽ - ന്റെ 22.02.2022 ലെ അപേക്ഷ

---

**ഉത്തരവ് നമ്പർ TCPKTM/155/2022-C** **തീയതി : 01/04/2022**

---

വൈക്കം നഗരസഭ നടുവിലെ വില്ലേജിൽ സർവേ നമ്പർ 173/4-5-1 ൽ ഉൾപ്പെട്ട 809 $m^2$ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റി Ground floor, Staircase Cabin എന്നീ നിലകളോട് കൂടിയ ആകെ 291.49 $m^2$ വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കം കൊമേർഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി. ആർ. ലക്ഷ്മി, ആലവേലിൽ, വൈക്കം സമർപ്പിച്ച അപേക്ഷയിൽ അംഗീകരിച്ച വൈക്കം ടൗൺ ഡെവലപ്മെൻറ് പ്ലാനിന്റെ മേഖലാനിയന്ത്രണ ചട്ടം, കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR 2019), ചട്ടം 5(6)(1)(c) എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 (KMBR-2019) ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.
2. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR-2019), ചട്ടം 9(2) പ്രകാരം പ്ലോട്ടിൻറെ ഉടമസ്ഥത , സർവ്വേ നമ്പറുകൾ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകൻറെ ഉടമസ്ഥാവകാശം , നിർമ്മാണ അവകാശം തുടങ്ങിയവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ/1967 ലെ കേരളാ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. കട്ടിങ് ആൻഡ് ഫില്ലിംഗ് പ്രവൃത്തികൾക്ക്, ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ

നിന്ന് അനുമതി നേടിയിരിക്കണം.

5. പാർക്കിംഗ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം, കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR-2019), ചട്ടം 29 പാലിച്ചുകൊണ്ട് Car parking, Two wheeler Parking, drive way എന്നിവ സജ്ജമാക്കേണ്ടതാണ്.
6. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR 2019), ചട്ടം 41 (2) പ്രകാരം നിഷ്കർഷിച്ച artificial lighting നൽകേണ്ടതാണ്.
7. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR-2019), ചട്ടങ്ങൾ പ്രകാരം ആവശ്യമായ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
8. നിർമ്മാണം കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KMBR 2019) നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

**ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി വൈക്കം നഗരസഭയിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ. KMBR 2019 പ്രകാരം നഗരസഭാ സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.**

അംഗീകരിച്ച പ്ലാൻ (i) ഉള്ളടക്കം ചെയ്യുന്നു.

കൺകറൻസ് നമ്പർ. 09/2022/KTM)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
വൈക്കം നഗരസഭ (അംഗീകരിച്ച പ്ലാൻ സഹിതം)

<u>പകർപ്പ്</u>:

1. ശ്രീമതി. ആർ. ലക്ഷ്മി, ആലവേലിൽ(H), പടിഞ്ഞാറ്റുംചേരി, വടക്കേമുറി, വൈക്കം -686 141, കോട്ടയം
2. അധികം -1

DESPATCHED
Date: 1/4/22

S31032022